"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഇലകമൺ ഗ്രാമപഞ്ചായത്തിലെ ക്ലർക്ക് ശ്രീ. ജയപ്രകാശ്. ആർ ന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.310/2022/LSGD തീയതി,തിരുവനന്തപുരം, 11-02-2022

പരാമർശം:-
1. ശ്രീ. ജയപ്രകാശ്. ആർ സമർപ്പിച്ച 12.02.2021 തീയതിയിലെ അവധി അപേക്ഷ
2. പഞ്ചായത്ത് ഡയറക്ടറുടെ 19.10.2019, 06.01.2022 ലെ PAN/11804/2019-E10(DP) നമ്പർ കത്തുകൾ.

ഉത്തരവ്

ഇലകമൺ ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് ആയ ശ്രീ. ജയപ്രകാശ്. ആർ ടിയാൻ കരവാരം ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ 19/06/2014 മുതൽ 17/09/2014 വരെ 92 ദിവസത്തേക്ക് മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധിക്ക് അപേക്ഷിക്കുകയും ആയത് അനുവദിക്കുകയും ചെയ്തിരുന്നു. തുടർന്ന് 18/09/2014 മുതൽ ടിയാൻ വീണ്ടും അവധി അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് അനുവദിച്ചിരുന്ന 92 ദിവസത്തെ അവധി റദ്ദ് ചെയ്യുകയും പരാമർശം (1) പ്രകാരം 19/06/2014 മുതൽ 17/11/2014 വരെ ശൂന്യവേതനാവധി അവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയും അനുബന്ധങ്ങളും അനന്തര നടപടികൾക്കായി പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ശ്രീ.ജയപ്രകാശ്.ആർ സമർപ്പിച്ചിരിക്കുന്ന പരാമർശം (1) അവധി അപേക്ഷയിൽ 19.06.2014 മുതൽ 17.11.2014 വരെ ശൂന്യവേതനാവധിക്കായി (മെഡിക്കൽ ഗ്രൗണ്ട്) അപേക്ഷിച്ചിരിക്കുന്നു. Arthritis (കാൽമുട്ട്, നടുവ് വേദന, ജോയിന്റ്) എന്നാണ് കാരണം രേഖപ്പെടുത്തിയരിക്കുന്നത്. 17.11.2014, 18.8.2014, 19.6.2014 തീയതികളിലെ മെഡിക്കൽ സർട്ടിഫിക്കറ്റുകളിൽ inter vertibral disc prolapse എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 14.6.1994 ലെ 36/94/Fin സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം കെ.എസ്.ആർ ഭാഗം I, ചട്ടം 118(a) പ്രകാരമുള്ള രണ്ടാം വൈദ്യ പരിശോധനയ്ക്കുള്ള അവസരം നഷ്ടമായതിനാൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിക്കുവാൻ സാധ്യമല്ല. മേൽ സാഹചര്യങ്ങളിൽ നിലവിൽ ഇലകമൺ ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് ശ്രീ. ജയപ്രകാശ്. ആർ സമർപ്പിച്ചിരിക്കുന്ന പരാമർശം (1) ലെ അവധിയപേക്ഷ പരിഗണിച്ച് ടിയാന് 19.06.2014 മുതൽ 17.11.2014 വരെ, കെ. എസ്. ആർ. ഭാഗം I ചട്ടം 88 പ്രകാരം ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുകയില്ലെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ അല്ലാതെ

ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

ശ്രീ. ജയപ്രകാശ്. ആർ, ക്ലർക്ക്, ഇലകമൺ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, ഇലകമൺ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/143/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ